## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4097 — 21.07.2015-ലെ മറുപടിക്ക്

### ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ : | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരമേഖല സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിയ്ക്കുന്നതിനുള്ള നടപടികൾക്ക് രൂപം നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ ക്ഷീരമേഖല സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിന് ഉദ്ദേശിച്ച് വകുപ്പ് വിവിധ പദ്ധതികൾക്ക് രൂപം നല്കി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ക്ഷീരകർഷകരുടെ കന്നുകാലികളുടെ രോഗ-പ്രതിരോധ പ്രവർത്തനങ്ങൾ, ചികിത്സ എന്നിവ നടത്തുന്നതിന് മൃഗസംരക്ഷണ വകുപ്പും പശുക്കളിൽ കൃത്രിമ ബീജാധാന പരിപാടിയ്ക്ക് ആവശ്യമായ ബീജം ഉല്പാദിപ്പിക്കുന്നതിന് കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും കന്നുകാലി തീറ്റയ്ക്കാവശ്യമായ ക്യാറ്റിൽ ഫീഡ് ഉല്പാദിപ്പിക്കുന്നതിന് കേരളാ ഫീഡ്സും മിൽമയും ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാൽ വിപണനം നടത്തുന്നതിന് സഹകരണ മേഖലയിൽ 3650 ക്ഷീരസംഘങ്ങളും കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനും മൂന്ന് റീജിയണൽ യൂണിയനുകളും പ്രവർത്തിക്കുന്നുണ്ട്. ക്ഷീരമേഖലയെ ശാക്തീകരിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ, ബാങ്കുകൾ മുഖേന വിവിധ പദ്ധതികൾ ക്രോഡീകരിച്ച് നടപ്പിലാക്കി വരുന്നു.<br>മിൽമയുടെ ഭരണസമിതി എക്കാലവും പാലിന് ന്യായമായ വില ലഭ്യമാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലൂടെ പാലുല്പാദന വർദ്ധനവ് കൈവരിക്കുവാൻ ക്ഷീരകർഷകരെ സഹായിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക, കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹകരണ സംഘങ്ങളെയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ക്ഷീരമേഖലയിലേയ്ക്ക് |

ആകർഷിക്കുക, ഈ മേഖലയിൽ നിലവിലുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോല്പാദനത്തിന് പ്രചോദനം നല്കുക, ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാരമുള്ള പാൽ സഹകരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ശാക്തീ-കരണം, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ കൂടാതെ സംസ്ഥാനത്തിനകത്തു തന്നെ ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ വളർത്തിയെ-ടുക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക എന്നിവയിലൂടെ ഉപജീവ-നത്തിന് വേണ്ടിയുള്ള ക്ഷീരോല്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാ-നത്തിലുള്ള ക്ഷീരോല്പാദനത്തിലേയ്ക്ക് മാറി പാലുല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് ക്ഷീരമേഖല സ്വയംപര്യാ-പ്തമാക്കുക എന്നതാണ് വിവിധ പദ്ധതിക-ളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

മിൽമയുടെ മേഖലാ യൂണിയനുകൾ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവണ്മെന്റുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ, അവരുടെ ആവശ്യകതയ്ക്ക് അധികം വരുന്ന അളവിന് സ്ഥിരമായ വിപണി കണ്ടെത്തു-കയും ന്യായവില ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് മിൽമയുടെ ലക്ഷ്യം. പാലിന്റെ ഉല്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റു ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോ-ൽപാദക മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാനം പാലുല്പാദ-നത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | ക്ഷീരകർഷകർ, കുടുംബശ്രീ/സ്വയംസഹായ സംഘങ്ങൾ, വിവിധ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, മൃഗസംരക്ഷണവകുപ്പ്, മിൽമ മേഖലാ യൂണിയനുകൾ, കെ.എൽ.ഡി ബോർഡ് തുടങ്ങിയവർ ഇതുമായി സഹകരിച്ചു പ്രവർത്തിക്കുന്നു. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?. | (ഡി) | ഇത് നടപ്പാക്കാൻ, വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഭരണാനുമതി ലഭ്യമാകുന്നതിനനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് എടുത്തിട്ടുണ്ട്. അധിക തുക ആവശ്യമുള്ള പദ്ധതികൾക്ക് എസ്.ഡി.ജി പ്രൊപ്പോസലുകളും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ